LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർ സ്പെഷ്യാലിറ്റി

ന്യൂറോ മെഡിക്കൽ പ്ലാസ്റ്റിക് സർജറി ന്യൂറോ സർജിക്കൽ കാർഡിയോളജി	ഒരു ജൂനിയർ സ്പെഷ്യാലിസ്റ്റ്
ഗ്യാസ്ട്രോ മെഡിസിൻ ജെനിറ്റോ യൂറിനറി സർജറി	കൺസൾട്ടന്റ് ഒരോന്നിനും
ബ്ലഡ് ബാങ്ക് മെഡിക്കൽ ആഫീസർ (ക്ലിനിക്കൽ പത്തോളജിസ്റ്റ്)	1 യൂണിറ്റ്

(ബി) ഇല്ല.

(സി) കാസർഗോഡ് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല. മാത്രമല്ല, സർക്കാരിന്റെ സാമ്പത്തിക പരാധീനതമൂലം ആവശ്യത്തിന് തസ്തികകൾ സൃഷ്ടിച്ചിട്ടുമില്ല. തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക ഭ്രേതയ്ക്കനുസരിച്ച് പരിശോധിക്കാം.

ഡോക്ടർ, നേഴ്സ്, മറ്റ് വിഭാഗം ജീവനക്കാർ എന്നിവരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ

148 (879) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് സി.എച്ച്.സി., ആലപ്പാട് സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർ, നേഴ്സ്, മറ്റ് വിഭാഗം ജീവനക്കാരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ എത്ര ; ടി പോസ്റ്റുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ചേർപ്പ് സി.എച്ച്.സിയിൽ കൂടുതൽ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ആലപ്പാട് സി.എച്ച്.സി.യിൽ നിലവിലുള്ള 5 ഡോക്ടർമാരുടെ തസ്തികകളിൽ ഒരു പോസ്റ്റിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) ചേർപ്പ് സിഎച്ച്സി., ആലപ്പാട് സിഎച്ച്സി. എന്നിവിടങ്ങളിൽ പണി പൂർത്തിയാക്കിയ ആർ. സി. എച്ച്. ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ആശുപത്രികളിൽ പ്രസവസംബന്ധമായ ശസ്ത്രക്രിയകൾ നടത്തുന്നതിന് വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(എഫ്) തൃശൂർ ജില്ലയിൽ ഗൈനക്കോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ട് ; ഏതൊക്കെ ആശുപത്രികളിലാണ് ഇവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ജി) വല്ലച്ചിറ പി.എച്ച്.സി., വാരള, പി.എച്ച്.സി., അവണിശ്ശേരി പി.എച്ച്.സി. കുർക്കഞ്ചേരി പി.എച്ച്.സി. എന്നിവിടങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

തസ്തിക	ചേർപ്പ് സി.എച്ച്.സി	
	അനുവദിച്ചിട്ടുള്ളത്	ഒഴിവുള്ളത്
ഡോക്ടർ	4	1
സ്റ്റാഫ് നേഴ്സ്	11	...
മറ്റുവിഭാഗം ജീവനക്കാർ	30	2
സി.എച്ച്.സി. ആലപ്പാട്		
ഡോക്ടർ	5	...
സ്റ്റാഫ് നേഴ്സ്	4	...
മറ്റുവിഭാഗം ജീവനക്കാർ	47	6

(ബി) പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതയുള്ള ഡോക്ടർമാരുടെ ലഭ്യത അനുസരിച്ച് നിയമിക്കുന്നതാണ്.

(സി) ഗൈനക്കോളജിസ്റ്റിന്റെ ലഭ്യതയനുസരിച്ച് നിയമിക്കുന്നതാണ്.

(ഡി) ടി സെന്ററുകളിൽ ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തതും ടി സെന്ററുകളിൽ ഗൈനക്കോളജിസ്റ്റിന്റെ ലഭ്യതയനുസരിച്ച് പണി പൂർത്തിയാക്കിയ ആർ.സി.എച്ച്.ബ്ലോക്കുകൾ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ഇ) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയും മറ്റ് ഭൗതിക സാഹചര്യങ്ങളും ഉണ്ടാകുന്ന മുറയ്ക്കും ഈ സേവന സൗകര്യങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(എഫ്) തൃശൂർ ജില്ലയിൽ ആകെ ഗൈനക്കോളജി ഡോക്ടർമാരുടെ എണ്ണം 15

ജില്ലാ ആശുപത്രി, തൃശൂർ	-	6
താലൂക്കാശുപത്രി, വടക്കാഞ്ചേരി	-	2
താലൂക്കാശുപത്രി, ഇരിങ്ങാലക്കുട	-	2
താലൂക്കാശുപത്രി, കൊടുങ്ങല്ലൂർ	-	1
താലൂക്കാശുപത്രി, കുന്നംകുളം	-	1

LIBRARY ARCHIVES Kerala Legislative Assembly

പി.എച്ച്.സി., മാടവന	–	1
പി.എച്ച്.സി., വെള്ളാനിക്കര	–	1
പി.എച്ച്.സി., മണലൂർ	–	1
ഗവ. ആശുപത്രി, മാള	–	1
താലൂക്കാശുപത്രി, ചാലക്കുടി	–	1
താലൂക്കാശുപത്രി, ചാവക്കാട്	–	1
		18

(ജി) അധിക തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ ടി ആശുപത്രികളിൽ കിടത്തി ചികിത്സ സാധ്യമാകുകയുള്ളൂ. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം

147 (881) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം എത്ര സ്റ്റാഫ് നഴ്സുമാരാണ് ആരോഗ്യ വകുപ്പിന് അനുവദനീയമായിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഓരോ ജില്ലയിലും പി.എസ്.സി. നിയമനം ലഭിച്ചവർ, എംപ്ലോയ്മെന്റിലൂടെ നിയമനം ലഭിച്ചവർ, കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ, ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തവർ എന്നിങ്ങനെ ഓരോ ജില്ലയിലും എത്ര സ്റ്റാഫ് നഴ്സുമാർ ജോലി ചെയ്യുന്നു എന്നതിന്റെ വിവരം ലഭ്യമാക്കുമോ ;

(സി) കൊല്ലം ജില്ലയിൽ ഇപ്പോൾ സ്റ്റാഫ് നഴ്സുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും സ്റ്റാഫ് നഴ്സുമാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിലവിലുള്ള ലിസ്റ്റിൽ നിന്നും എന്നുമുതൽ നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 6520. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	1099
കൊല്ലം	–	355
പത്തനംതിട്ട	–	180

LIBRARY ARCHIVES Kerala Legislative Assembly